## കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - തിരുവനന്തപുരം നഗരസഭ - എയർപോർട്ടിന് ചുറ്റുമുള്ള ബഹുനില നിർമ്മാണങ്ങൾക്ക് - ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള അനുമതി നൽകിയ ഉത്തരവ് റദ്ദാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു

= = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = =

### തദ്ദേശസ്വയംഭരണ (ആർ.എ) വകുപ്പ്

സ.ഉ.(എം.എസ്)നം.111/2016/തസ്വഭവ                തിരുവനന്തപുരം,തീയതി:08.08.2016

= = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = =

പരാമർശം:
1. സ.ഉ.(എം.എസ്)നം.51/2016/തസ്വഭവ തീയതി 04.03.2016.
2. 01.04.2016 ന് ചീഫ് സെക്രട്ടറി നടത്തിയ മീറ്റിംഗിന്റെ മിനിട്സ്.
3. 13.04.2016 ലെ 507399/ആർഎ 2/2016/തസ്വഭവ നമ്പർ സർക്കാർ കത്ത്.

### ഉത്തരവ്

തിരുവനന്തപുരം എയർപോർട്ടിന് 20 കിലോമീറ്റർ ചുറ്റളവിൽ 14.01.2010 ന് മുമ്പ് നഗരസഭ നൽകിയ നിയമാനുസൃതമായ കെട്ടിടനിർമ്മാണ അനുമതികൾക്കും, അംഗീകൃത പ്ലാനിനും അനുസൃതമായി മാത്രം നിർമ്മാണം പൂർത്തിയാക്കിയ എല്ലാ ബഹുനില കെട്ടിടങ്ങൾക്കും, മറ്റ് ചട്ടലംഘനങ്ങളോ നിയമതടസ്സങ്ങളോ ഒന്നും നിലവിലില്ലെങ്കിൽ, ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് നൽകുന്നതിന് പരാമർശം (1) പ്രകാരം അനുമതി നൽകി ഉത്തരവായിരുന്നു.

2) എന്നാൽ ഇത് സംബന്ധിച്ച് ഉയർന്നുവന്ന ആക്ഷേപങ്ങളുടെ അടിസ്ഥാനത്തിൽ 01.04.2016 ന് ചീഫ് സെക്രട്ടറി വിളിച്ചുചേർത്ത യോഗത്തിൽ പരാമർശം (1)ലെ ഉത്തരവ് പുന:പരിശോധിക്കുകയും ഇത് സംബന്ധിച്ച നടപടികൾ താൽക്കാലികമായി നിർത്തിവയ്ക്കുവാൻ പരാമർശം (3)ലെ കത്ത് പ്രകാരം തിരുവനന്തപുരം നഗരസഭാ സെക്രട്ടറിക്ക് നിർദ്ദേശം നൽകുകയുമുണ്ടായി.

3) തിരുവനന്തപുരം എയർപോർട്ടിന് 20 കിലോമീറ്റർ ചുറ്റളവിലുള്ള ബഹുനില കെട്ടിടങ്ങൾക്ക് ഒക്കുപ്പൻസി നല്കുന്നത് സംബന്ധിച്ച പരാമർശം (1)ലെ ഉത്തരവ് സർക്കാർ വിശദമായി പുന:പരിശോധിച്ചതിന്റെയും, ചീഫ് സെക്രട്ടറി 01.04.2016 ന് വിളിച്ച് ചേർത്ത യോഗത്തിലെ തീരുമാനത്തിന്റെയും അടിസ്ഥാനത്തിൽ ആയത് റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻപ്രകാരം)
**റ്റി.കെ.ജോസ്**
പ്രിൻസിപ്പൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, തിരുവനന്തപുരം നഗരസഭ.
എയർപോർട്ട് ഡയറക്ടർ, എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ, തിരുവനന്തപുരം.
മുഖ്യനഗരാസൂത്രകൻ, തിരുവനന്തപുരം.
വൈസ് പ്രസിഡന്റ്, കോൺഫഡറേഷൻ ഓഫ് റിയൽ എസ്റ്റേറ്റ് ഡെവലപ്പേഴ്സ് അസോസിയേഷൻ ഓഫ് ഇന്ത്യ.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, സ്വരാജ് ഭവൻ, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ